പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1074.

3.12.2015 - ൽ
മറുപടിയ്ക്ക്

സ്വയംഭരണ കോളേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി.<br>ശ്രീ.ബെന്നി ബെഹനാൻ.<br>ശ്രീ.ജോസഫ് വാഴയ്ക്കൻ.<br>ശ്രീ.വി.ഡി.സതീശൻ. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) | |
| (എ) | സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണപദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ട്. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ? | (സി) | സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സി യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ |

അദ്ധ്യായം കേരള, എം.ജി.,കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളുടെ ആക്റ്റിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്റ്റ്, 2014 പാസ്സാക്കിയിട്ടുള്ളതാണ്. സ്വയംഭരണ അംഗീകാര സമിതി രണ്ടു ഘട്ടങ്ങളിലായി സർവ്വകലാശാലകളോട് ശുപാർശ ചെയ്ത 22 കോളേജുകളിൽ 13 എണ്ണത്തിന് യു.ജി.സി സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ